# കാഴ്ച

## A VISION OF THE LIFE

## നിങ്ങളുടെ ജീവിതത്തിലേക്കുള്ള ഒരു കാഴ്ച

**It shall be the duty of every citizen of India to develop scientific temper,humanism and the spirit of inquiry and reform**



# സന്ദേശം

വിദ്യാലയം ഏറെ പുതുമകളോടെ നവീകരിച്ച് പഠന പഠനേതരപ്രവർത്തനങ്ങൾ കാലോചിതമായി പരിഷ്കരിച്ച വർഷമാണ് 2019-2020.ഈ വർഷം തന്നെയാണ് ഇവിടെ ലിറ്റിൽ കൈറ്റ് യൂണിറ്റ് ആരംഭിച്ചതും.ഒരു ഡിജിറ്റൽ മാസികയ്ക്ക് രൂപം നൽകുവാനും അത് ലിറ്റിൽ കൈറ്റ് പ്രവർത്തനമാക്കാനും നടത്തുന്ന ഈ ശ്രമത്തെ ഞാൻ അനുമോദിക്കുന്നു. കുട്ടികളുടെ സർഗ്ഗവാസന ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ വെളിച്ചം കാണാനും അത് സംസ്ഥാനതലത്തിൽ തന്നെ പ്രദർശനയോഗ്യമാക്കാനും ഉള്ള ഈ മാഗസിൻ കൊണ്ട് സാധ്യമാകുന്നു. കൈറ്റ് അംഗങ്ങളുടെയും യൂണിറ്റിന് നേതൃത്വം നൽകുന്ന അദ്ധ്യാപകരുടെയും പ്രവർത്തനങ്ങളെ അനുമോദിക്കുന്നു. ഈ സംരംഭത്തിന് വിജയാശംസകൾ നേരുന്നു

പ്രധാനാദ്ധ്യാപിക

HIBHS വരാപ്പുഴ



# ആശംസ

സ്മിത ലോനൻ , സ്കൂൾ ലിറ്റിൽ കൈറ്റ് കോഡിനേറ്റർ

എത്ര പ്രശംസിച്ചാലും മതിയാവില്ല ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ് കൂട്ടായ്മയെ. അങ്ങെയറ്റം ആത്മസമർപ്പണത്തോടെയാണ് അവർ കൈറ്റ് പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നത്. ഡിജിറ്റൽ മാഗസിന്റെ നിർമ്മാണത്തിൽ തികഞ്ഞ ആത്മാത്ഥതയോടെ പങ്കെടുത്ത് മാറ്റർ ടൈപ്പ് ചെയ്യുകയും കവർ പേജും പുറം പേജുമൊക്കെ ഭംഗിയായി ചെയ്ത് തീർക്കുകയും ചെയ്ത കുട്ടികളുണ്ട് . അവരെ വിദ്യാലയത്തിന്റെയും കൈറ്റ് യൂണിറ്റിന്റെയും പേരിൽ ആശംസിക്കുന്നു. ഇത് ഡിജിറ്റൽ യുഗമാണ്. വായനയെന്നാൽ ഇ റീഡിങ്ങായി മാറിയ കാലം . പുസ്തകങ്ങളുടെ മഹത്വം ഒട്ടും കുറയാതെ തന്നെ ഓൺലൈൻ സംവിധാനത്തിലൂടെയുള്ള അനുദിനം വർദ്ധിച്ചുവരുന്നു. അത് തികച്ചും പരിസ്ഥിതി സൗഹൃതവുമാണ്. ഡിജിറ്റൽ മാസികകൾ പ്രസക്തമാകുന്നത് ഈ ആശയപരിസരത്തിലാണ്. മാഗസിൻ നിർമ്മാണത്തിൽ പങ്കാളികളായ ഏവരെയും അഭിനന്ദിക്കുന്നു.



# ആശംസ

സിൽജ യോഹന്നാൻ, ടീച്ചർ കോർഡിനേറ്റർ , ലിറ്റിൽ കൈറ്റ് യൂണിറ്റ്

ലിറ്റിൽ കൈറ്റ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് തികഞ്ഞ അഭിമാനത്തോടെ ആശംസയർപ്പിക്കുന്നു. വിളക്കുകത്തിച്ച് പീഠത്തിൽ വെയ്ക്കുമ്പോഴാണ് ചുറ്റും പ്രകാശപൂരിതമാകുന്നത്. അതുപോലെ തന്നെയാണ് സർഗ്ഗസൃഷ്ടി. ഒരിക്കലും വെളിച്ചം കാണില്ലായിരുന്ന കുരുന്നു പ്രതിഭകളെ കാലത്തിന്റെ തികവിൽ അക്ഷരക്കൂട്ടങ്ങളിലൂടെ അനാവരണം ചെയ്യുമ്പോൾ നമുക്ക് അഭിമാനിക്കാം. പ്രതിഭവറ്റാത്ത ഒരു സമൂഹം പിന്നാലെ വരുന്നുണ്ട്. അവരുടെ കയ്യിൽ ഭാഷയും സാഹിത്യവും ചിന്തയും സുഭദ്രമാണ്. മാഗസിന്റെ പഠിപ്പുരയിൽ അരങ്ങുവാണ പ്രതിഭകൾക്ക് ആശംസകൾ നേരുന്നു.

## ഉള്ളടക്കം


2 ചിലർ അങ്ങനെയാണ്

(കവിത , രാഹുൽ എം.ആർ)

2 അവൾ

( കവിത , രാഹുൽ എം.ആർ)

3 രാമാനുജൻ : നക്ഷത്രങ്ങളുടെ സ്നേഹഭാജനം

(ലേഖനം , ബിബിൻ ടൈറ്റസ് )

4 ഒരു ദൈവസന്ദേശം

(കവിത , ജോയൽ രാജു)

5 ഹ്ദവർഡാം

( ലേഖനം , റോമൽ കെ.ബി)

7 മനസിന്റെ തേങ്ങലുകളിൽ നിന്ന്

(സമർപ്പണം , എനോഷ് ആന്റെണി)

8 എന്റെ വിദ്യാലയം

(ഭാവഗീതം , ജസ് വിൻ ആന്റെണി )

9 Vibgyor Rose

(Poem , Samuel Mathew)

10 മണ്ണ് സംരക്ഷണം നമ്മുടെ ധാർമ്മീകത

(ആൽഫിൻ കെ.എ)

1 2 ഫാദർ ഓസിയെ അടയാളപ്പെടുത്തുമ്പോൾ

( അനുസ്മരണം , ജിതിൻ ഡൈനീഷ്യസ് )

13 ഒരു രക്തപുഷ്പത്തിന്റെ ഓർമ്മ

(ദിനാചരണം, ആന്റെണി റൂണി)

14 മഞ്ഞ് : മലയാളിയെ കാത്തിരിക്കാൻ പഠിപ്പിച്ച നോവൽ

( വായന , ജൂലിയൻ)

17 നീർമാതളം പൂത്ത കാലം

(ഓർമ്മ, സെബാസ്റ്റിൻ ജോയൽ)

19 ശാസ്ത്രസമീക്ഷ

( കുറിപ്പുകൾ , സ്റ്റെഫിൻ - ആബി- ഹരി - അജ്നൽ)








# കാഴ്ച

ഡിജിറ്റൽ മാസിക



പുസ്തകം 1 ലക്കം 1

ഹോളി ഇൻഫന്റ്സ് ബോയ്സ് ഹൈസ്കൂൾ ലിറ്റിൽ കൈറ്റ് യൂണിറ്റ് പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിനാണ് കാഴ്ച.

പത്രാധിപസമിതി

- സിൽവിൻ സ്റ്റെയിൻ
- ആഷിലിൻ ബാബു
- ഋഷികേശ് സനിൽ
- റോമൽ കെ. ബിനു
- നിരഞ്ജൻ സാബു
- സ്മിത ലോനൻ പി.എൽ (ടീച്ചർ)
- ആൽഫിൻ കെ.എ

സ്റ്റുഡന്റ് എഡിറ്റർ

ബ്ലസ്സൻ ബാബു

ടീച്ചർ കോ ഓർഡിനേറ്റർ

ശ്രീമതി സിൽജ യോഹന്നാൻ

ലിറ്റിൽ കൈറ്റ് കോ ഓർഡിനേറ്റർ

ശ്രീമതി സ്മിത ലോനൻ

ലേ ഔട്ട് , ടൈപ്പിങ്ങ്

ബ്ലസ്സൻ ,ജോയൽ ,സിൽവിൻ

## പത്രാധിപക്കുറിപ്പ്

കാഴ്ച അനന്യമാകുന്നത് ആസ്വാദകരിലൂടെയാണ് . ഭൂമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം ജീവപരിണാമമാണെന്ന് എനിക്ക് പറഞ്ഞുതന്നത് എന്റെ ജീവശാസ്ത്രാദ്ധ്യാപികയാണ്.
അത് മനുഷ്യന്റെ ചിന്തകളിലും സംഭവിക്കുന്നുണ്ടെന്ന് ഞാനറിഞ്ഞത് ഭാഷാപഠനത്തിലൂടെയാണ്.
ഭാഷ എനിക്ക് അനന്യമായ സൗഭാഗ്യങ്ങൾ പകർന്നുതന്നു.
ശാസ്ത്രപഠനത്തേക്കാൾ മഹത്തരം ശാസ്ത്രീയമനോഭാവമാണെന്നും ഞാനറിഞ്ഞു.
സാമൂഹ്യപ്രതിബന്ധതയില്ലാത്ത ഏതൊരറിവും അർത്ഥശൂന്യമാണന്ന് ഞാൻ പിന്നീടാണ് തിരിച്ചറിഞ്ഞത് തിരിച്ചറിവും വകതിരിവുമാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമെന്ന് ഞാൻ മനസിലാക്കി.
വിവരവും വിജ്ഞാനവും വിവേകവും പരസ്പരപൂരകങ്ങളാകണമെന്ന തിരിച്ചറിവാണ് ആധുനീകതയുടെ മഹത്തായ പാഠപുസ്തകം.
അവിടെയാണ് കാഴ്ച അപ്രസക്തമാകുന്നതും ഉൾക്കാഴ്ചയെന്ന സംജ്ഞയിലേയ്ക്ക് ഞാനെത്തുന്നതും.
പിന്നെ അതെന്റെ കാഴ്ചപ്പാടായി പരിണമിച്ചു.

-

**രാഹുൽ എം ആർ**

**പത്താംതരം**

# ചിലർ അങ്ങനെയാണ് ---

**മൗനങ്ങളിലൂടെ സംസാരിച്ചവർ**
**മിഴികൾ കൊണ്ട് മൊഴിഞ്ഞവർ**
**പുഞ്ചിരിയിൽ ഹൃദയം കവർന്നവർ**
**ചിന്തകളൊതുക്കി ഹൃദയത്തെ പരീക്ഷിക്കുന്നവർ**
**പകർന്നുനൽകാൻ പ്രണയമുണ്ടായിട്ടും**
**ചിന്തയിലാണ്ടവർ**
**അങ്ങനെയാണ് ചിലർ**
**ഉള്ളിലൊരായിരം സ്നേഹമുണ്ടെങ്കിലും**
**പുറത്തുകാട്ടാതെ അമർത്തിയൊതുക്കുന്നവർ**
**നുള്ളുപോലും കൊടുക്കാതെ**
**പറ്റിക്കുന്നവർ**







# അവൾ

സൂര്യനാകാൻ മോഹിച്ചവൾ
ഹൃദയത്തിൽ തപം കൊണ്ട്
സ്വപ്നത്തിൽ മുത്തുകോർത്തവൾ
വീണവീണുനടക്കാൻ പഠിച്ചവൾ
വീഴ്ചയിൽനിന്നെഴുന്നേറ്റവൾ
കനലെരിയും ചൂടിലും പിടയാത്തവൾ
കരഞ്ഞുതളരാത്തവൾ
വിധിക്കെതിരെ പൊരുതുന്നവൾ
സ്വന്തം വീഥിതേടുന്നവൾ

ലേഖനം

ബിബിൻ ടൈറ്റസ്
ഒൻപതാംതരം

# രാമാനുജൻ
# നക്ഷത്രങ്ങളുടെ സ്നേഹഭാജനം

ഭാരതം കണ്ട ഏറ്റവും മഹാനായ ഗണിതശാസ്ത്രജ്ഞന്റെ ജന്മദിനമാണ് ഇന്ന് .ശ്രീനിവാസ രാമാനുജനാണ് ആ പ്രതിഭ. ലോകം കണ്ട മഹത്തായ ഗണിതവിസ്മയങ്ങളുടെ രാജശില്പി. നാമക്കൽ ദേവിയാണ് തന്റെ മനസിൽ ചിന്തയുടെ മഹാപ്രപഞ്ചം ഒരുക്കിത്തരുന്നതെന്ന് വിളിച്ചുപറഞ്ഞ തികഞ്ഞ ഈശ്വരവിശ്വാസി. കേവലം 33 വർഷം മാത്രം ജീവിച്ച ഈ മഹാപ്രതിഭ തന്റെ കണക്കിലെ പ്രാവീണ്യം കൊണ്ട് മാത്രം ബ്രിട്ടണിലെ റോയൽ സൊസേറ്റിയിൽ അംഗമായി.

റോയൽ സൊസേറ്റിയിൽ ഹാർഡിനും ലിറ്റിൽ വുഡും ഉണ്ടായിരുന്നു. ഗണിതലോകത്ത് ഹാർഡി ലിറ്റിൽ വുഡ് രാമാനുജൻ കൂട്ടായ്മയെ ഗണിതലോകത്തെ ത്രിമൂർത്തികൾ എന്ന് വിളിക്കുന്നു.

കണക്കിലെ ഈ അതുല്യപ്രതിഭ തമിഴ് നാട്ടിലെ ഈറോഡ് ജില്ലയിൽ കുംഭകോണത്ത് 1887 ഡിസംബർ 22-ാംതിയതി ജനിച്ചു . കുംഭകോണം ടൗൺ സ്കൂളിൽ പഠിക്കുമ്പോൾ തന്നെ ഗണിതശാസ്ത്രത്തോട് പ്രത്യേക ആഭിമുഖ്യം ഉണ്ടായിരുന്നു.പഠനകാലത്തുതന്നെ ഗണിതവിഹായത്തിൽ ഒരു നക്ഷത്രമായി രാമാനുജൻ മിന്നിക്കൊണ്ടിരുന്നു. ഗണിതലോകത്തെ നക്ഷത്രങ്ങൾക്ക് രാമാനുജൻ സ്നേഹഭാജനമായി---

### രാമാനുജൻ സംഖ്യ

ഞാൻ 1729

അനാദികാലം മുതൽ ഞാനുണ്ടായിരുന്നു. എന്നെ തൊട്ടുണർത്താൻ കാലം കരുതിവെച്ച അവധൂതനായിരുന്നു രാമാനുജൻ

ഹാർഡിയിൽനിന്നും രാമാനുജനിലെത്തിയപ്പോഴാണ് ഞാനെന്ന സംജ്ഞയെ ലോകമറിഞ്ഞ്

ഞാൻ 1729

രണ്ട് ഘന സംഖ്യകളുടെ തുകയായി രണ്ട് വ്യത്യസ്ത തരത്തിൽ എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് ഞാനെന്നറിയുക




എത്ര വലിയ സംഖ്യയുടെതായാലും വർഗ്ഗമൂലം നിമിഷം കൊണ്ട് പറയാനുള്ള രാമാനുജന്റെ കഴിവ് ആരെയും അമ്പരപ്പിക്കുന്നതായിരുന്നു. എസ് എൽ ലോണിയുടെ ത്രികോണമിതി രാമാനുജന്റെ പ്രിയപ്പെട്ട പുസ്തകമായി. കുറേ നാൾ കഴിഞ്ഞപ്പോൾ ജി എസ് കാർ എഴുതിയ എ സിനോപ്സിസ് ഓഫ് പ്യൂവർ ആന്റ് അപ്ലൈഡ് മാത്തമാറ്റിക്സ് എന്ന ഗ്രന്ഥം അദ്ദേഹത്തിന് ലഭിച്ചു.അധികം വിശദീകരണങ്ങളൊന്നുമില്ലാത്ത ആ പുസ്തകത്തെ വിശദീകരിച്ചെഴുതി രാമാനുജൻ ഗണിതത്തിൽ വ്യുല്പത്തി നേടി. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് കോളേജിലെത്തിയപ്പോൾ ആ മനസ് ഗണിതസാഗരത്തിൽ ലയിച്ചുചേർന്നിരുന്നു. സ്വന്തമായി ഗണിതശാസ്ത്രഗവേഷണങ്ങൾ നടത്തി രാമാനുജൻ . വേണ്ടത്ര അദ്ധ്യാപകരോ , പുസ്തകങ്ങളൊ ഉപരിപഠനസാധ്യതയോ ഇല്ലാതിരുന്ന

രാമാനുജൻ സ്വയം പഠനം തുടർന്നു. പൈ യുടെ മൂല്യം എട്ട് ദശാംശസ്ഥാനം വരെ കൃത്യമായി കണക്കാക്കുന്നതിൽ രാമാനുജൻ വിജയം കണ്ടു. ഇന്ത്യൻ മാത്തമാറ്റിക്കൽ സൊസേറ്റിയുടെ ജേർ-ണ്ണലിൽ രാമാനുജന്റെ ഒരു ലേഖനം പ്രസിദ്ധീകരിച്ചു. അത് അദ്ദേഹത്തെ പ്രസിദ്ധനാക്കി. രാമാനുജൻ ഉപരിപഠനാർത്ഥം ലണ്ടനിലെത്തിയതും ഹാർഡിയെ പരിചയപ്പെട്ടതും ചരിത്രം . ഹാർഡിക്കൊപ്പം ഗവേഷണം ആരംഭിച്ച രാമാനുജൻ ഹാർഡിയെ വിസ്മയിപ്പിക്കുന്ന കണ്ടെത്തലുകളാണ് നടത്തിയത്.



ഹാർഡിയും രാമാനുജനും

രാമാനുജനെ പഠിപ്പിച്ചതിനേക്കാൾ അധികമായി തനിക്ക് രാമാനുജനിൽ നിന്നും പഠിക്കാൻ കഴിഞ്ഞു എന്ന് ഹാർഡി അടയാളപ്പെടുത്തിയതിന് കാലം സാക്ഷിയായി.റോയൽ സൊസേറ്റി ഫെല്ലോഷിപ്പും ടിനിറ്റി കോളേജിൽ വിശിഷ്ടമായ സ്ഥാനവും ലഭിച്ച രാമാനുജൻ രോഗബാധിതനായി ഇന്ത്യയിലേയ്ക്ക് മടങ്ങി. 1920 ൽ നക്ഷത്രങ്ങളുടെ ലോകത്തേയ്ക്ക് യാത്രയായി.

*വിബിൻ ടൈറ്റസ്*

*ലേഖകൻ ഒൻപതാംക്ലാസ് വിദ്യാർത്ഥിയാണ്. കഥകളും കവിതകളും എഴുതാറുണ്ട്. സ്കൂൾ അസംബ്ലിയിൽ വായിച്ച കുറിപ്പാണ് ഇത്*

കവിത

ജോയൽ രാജു
ഒൻപതാംതരം

# ഒരു ദൈവസന്ദേശം

**കരയുന്ന ഭൂമിയുടെ കണ്ണീർ -**
**തുടയ്ക്കാൻ ഒരുങ്ങാത്ത മക്കളെ**
**പോറ്റുന്ന ഭൂമിയുടെ**
**ദീനമാം രോദനം കേൾക്കണം**


**ഭൂമി പിളരുന്ന മരണമാം**
**വേദനയോടെ**
**കണ്ണനീർ പൊഴിക്കുന്ന**
**താടകയെന്നപോൽ**

**ഓർക്കുക മർത്യാനീ**
**ജീവൻ തുടിപ്പുള്ള**
**ഭൂമിയാം ദേവിയെ നോവിച്ചാൽ**
**അനുഭവിക്കും നീ--**

**ജോയൽ രാജു**

*കവിതയെഴുതിയത് ഒൻപതാംക്ലാസ് വിദ്യാർത്ഥിയായ ജോയൽ രാജു. മലയാളം ടൈപ്പിങ്ങിൽ പ്രത്യേക തല്പരനാണ്*

## പസ്സിൽ കോർണ്ണർ




ഒരു ചെസ്സ് ബോഡിൽ എത്ര സമചതുരങ്ങളുണ്ടാകും ?

ലേഖനം

റോമൽ കെ.ബി

ഒൻപതാംതരം

# ഹൂവർ ഡാം



മൂന്ന് വർഷം മുൻപ് ഒരു പകൽ വെളിച്ചത്തിൽ ഞാൻ ഹൂവർഡാം കാണാൻ പോയി. മരുഭൂമിയിൽ മനുഷ്യൻ നിർമ്മിച്ച അത്ഭുതമാണ് അത്. ലാസ് വേഗാസ് എന്ന പഞ്ചനക്ഷത്ര ഹോട്ടലിൽ നിന്നും ഞാൻ എന്റെ യാത്ര ആരംഭിച്ചു. ഒരു ചെറിയ ബസ്സിൽ എന്നെ കൂടാതെ പന്ത്രണ്ടുപേരുണ്ടായിരുന്നു.മരുഭൂമിയിലൂടെ ഒന്നരമണിക്കൂറെടുത്തു ഡാമിലെത്താൻ.ഇനി ഡാമിനെക്കുറിച്ച് പറയാം

മരുഭൂമിയിലെ കൂറ്റൻ മലകൾ സങ്കല്പിക്കുക. ഇടയിലൂടെ ഒരു നദിയൊഴുകുന്നു. ആ മലകളെ കോൺക്രീറ്റുകൊണ്ട് ബന്ധിച്ചപ്പോൾ നദിയുടെ ഒഴുക്കുനിന്നു.അമേരിക്കയിലെ നേവാദ, അരിസോണ സ്റ്റേറ്റുകൾക്കിടയിലെ മഹാനിർമ്മിതിയാണ് ഹൂവർ ഡാം.കൊളറാഡോ നദിയിലാണ് ഹൂവർ ഡാം നിർമ്മിച്ചിരിക്കുന്നത്. അണകെട്ടിയപ്പോൾ നദി നാല്പത്

കിലോമീറ്റർ ചുറ്റളവിലുള്ള ഒരു ജലാശയമായി മാറി.നമ്മുടെ വേമ്പനാട് കായൽ പോലെ കിടക്കുകയാണ് ആ ജലാശയം .അത്ഭുതകരമാണ് ഹൂവർ ഡാം. അതൊക്കെ എന്റെ ക്യാമറയിൽ പകർത്തി ഡാമിനുമുകളിലൂടെ നടക്കുമ്പോൾ അതിന്റെ നിർമ്മാണത്തെക്കുറിച്ചാണ് ഞാൻ ഓർത്തത് . കൊളറാഡോ നദിയിലെ വെള്ളപ്പൊക്കം തടയുന്നതിനും ജലസേചനം വൈദ്യുതി ഉല്പാദനം എന്നിവ നടത്തുന്നതിനും വേണ്ടിയാണ് ഈ ഡാം പണിതീർത്തത് അമേരിക്ക സമ്പന്നരുടെ നാടാണെങ്കിലും 1930 ലെ സാമ്പത്തീകമാദ്യം ആ രാജ്യത്തെ തകർത്തുകളഞ്ഞു. കമ്പനികൾ അടച്ചുപൂട്ടി, നിരവധി ആളുകൾ തൊഴിലില്ലാതെ വലഞ്ഞു. ആളുകൾ ജോലി അന്വേഷിച്ച് ഒരു സ്റ്റേറ്റിൽ നിന്നും മറ്റൊരു സ്റ്റേറ്റിലേയ്ക്ക് പലായനം തുടങ്ങി. എല്ലാ അമേരിക്കൻ സംസ്ഥാനങ്ങളിലെയും സ്ഥിതി ഇതായിരുന്നു.

ഹെർബർട്ട് ഹൂവറായിരുന്നു അക്കാലത്ത് അമേരിക്കൻ പ്രസിഡന്റ് . സാമ്പത്തീകമാന്ദ്യത്തിൽ പെട്ട് വലയുന്നവർക്കായി സർക്കാർ പല തൊഴിലുകളും സൃഷ്ടിച്ചു. അങ്ങനെയാണ് കൊളറാഡോ നദിയിൽ ഡാം പണിയാൻ ഹൂവർ തീരുമാനിച്ചതും

നടപ്പാക്കിയതും.മലയിടുക്കിൽ നദിയ്ക്ക് കുറുകെ അണകെട്ടാനുള്ള സ്ഥലം കണ്ടെത്തി. അണക്കെട്ടിന്റെ പണി തുടങ്ങുന്നതിന് മുൻപ് നദിയെ വഴിതിരിച്ചുവിടുന്ന ശ്രമകരമായ ഒരു ജോലി ചെയ്തുതീർത്തു. അതൊരു ചെറിയ പണിയായിരുന്നില്ല. ആറ് കമ്പനികൾ ചേർന്നാണ് നദിയെ തിരിച്ചുവിടാനുള്ള കരാറെടുത്തത് .മലകളെ തുരന്ന് പതിനേഴ് മീറ്റർ വ്യാസമുള്ള നാല് ടണലുകൾ അവർ ഉണ്ടാക്കി. അഞ്ച് കിലോമീറ്റർ നീളത്തിലുള്ള ടണൽ !നദിയെ വഴിമാറ്റിയൊഴുക്കി ഡാമിന്റെ പണി തുടങ്ങി. 1935 ൽ ലോകത്തിലെ ഏറ്റവും വലിയ അണക്കെട്ട് മലയിടുക്കിൽ പൂർത്തിയായി.

ഹൂവർ ഡാം ഒരു ആർച്ച് ഡാമാണ്. നമ്മുടെ ഇടുക്കിപോലെ.ലിഫ്റ്റ് വഴി അണക്കെട്ടിന്റെ ഉള്ളിലേയ്ക്ക് ഇറങ്ങാം.ഉൾഭാഗം വലിയൊരു ബഹുനിലക്കെട്ടിടം പോലെയാണ്. അടിഭാഗത്ത് ഒരു പവർ ഹൗസും അതിൽ നിരനിരയായി ജനറേറ്ററുകളും കണ്ടു. നാലരക്കോടി കിലോവാട്ട് വൈദ്യുതിയാണ് പ്രതിവർഷം ഇവിടെ ഉല്പാദിപ്പിക്കുന്നത്

ഇന്ന് ഹൂവർഡാം ഒരു ടൂറിസ്റ്റ് കേന്ദ്രമാണ്.ലോകമെമ്പാടുമുള്ള വിനോദ സഞ്ചാരികളെ കോരിത്തരിപ്പിച്ച് മനുഷ്യപ്രയത്നത്തിന്റെ മഹാനിർമ്മിതി കൊളറാഡോ നദിയിൽ നിലകൊള്ളുന്നു.

## നിഗ്ഗിയുടെ സ്വന്തം ഹൂവർ ഡാം



ഹൂവർ ഡാമിനടുത്ത് ഒരു നായയുടെ ചിത്രം പതിച്ച കല്ലറയുണ്ട് . തൊഴിലാളികളുടെയും എഞ്ചിനിയർമാരുടെയും സന്തതസഹചാരിയായിരുന്ന നിഗ്ഗി എന്ന നായ . ഡാം പണിക്കിടെ ട്രക്കിനടിയിൽ പെട്ട് നിഗ്ഗി മരിച്ചു. നിഗ്ഗിയുടെ സ്മാരകമാണ് ആ കല്ലറയും മുകളിലുള്ള ഫലകവും

# പ്രകൃതിയിലെ ശില്പികൾ



കാട്ടിലെ എഞ്ചിനീയർ എന്നറിയപ്പെടുന്ന ജീവി. അണക്കെട്ടു നിർമ്മാണത്തിൽ അതിവിദഗ്ധരാണ് ബീവറുകൾ. സ്വന്തം പല്ലുകളും ശരീരഭാഗങ്ങളുമുപയോഗിച്ച് മരങ്ങൾ മുറിച്ച് കാട്ടിൽ അണകെട്ടേണ്ട സ്ഥലത്തെത്തിക്കും. ഇങ്ങനെ വെള്ളം കെട്ടിനിർത്തി അതിനു നടുവിൽതന്നെ ബീവറുകൾ വീടും ഒരുക്കും. മരച്ചില്ലകളും ചെളിയും ഉപയോഗിച്ചാണ് വീടുനിർമ്മാണം.ജലത്തിനടിയിലാണ് വീടിന്റെ വാതിൽ. മഞ്ഞുകാലത്ത് ജലം ഉറഞ്ഞ് ഐസാകുമ്പോൾ പോലും ജലാശയത്തിനടിയിലേക്കും ഭക്ഷണക്കലവറയിലേക്കും പോവാനുള്ള മാർഗ്ഗങ്ങളും ബീവർ വീടുനിർമ്മിക്കുമ്പോഴേ ഉണ്ടാക്കും. മഞ്ഞുകാലം കഴിയുമ്പോൾ മഞ്ഞുരുകി ജലനിരപ്പുയർന്നാലും വീടിനെ രക്ഷിക്കാൻ മാർഗ്ഗമുണ്ട്. ഡാമിന്റെ ഒരറ്റത്തുണ്ടാക്കിയ വിള്ളലിലൂടെ അധികമുള്ള വെള്ളം പുറത്തേക്ക് ഒഴുക്കിക്കളയും. കാട്ടിലെ എഞ്ചിനീയർ എന്ന വിശേഷണത്തിനു ബീവർ തികച്ചും യോഗ്യൻ തന്നെയാണ്. കാനഡയുടെ ദേശീയ മൃഗമാണ് ബീവർ.


**റോമൽ കെ.ബി**

*ലേഖകൻ ഒൻപതാംക്ലാസ് വിദ്യാർത്ഥിയാണ്. കഥകളും കവിതകളും എഴുതാറുണ്ട്. സ്കൂൾ അസംബ്ലിയിൽ വായിച്ച കുറിപ്പാണ് ഇത്. റോമൽ വായിച്ച ഒരു പുസ്തകത്തിൽ നിന്നും ആശയമുൾക്കൊണ്ട് തയ്യാറാക്കിയ ലേഖനമാണ് ഇത്.*

കഥ

എനോഷ് ആന്റെണി

പത്താംതരം




# മനസിന്റെ തേങ്ങലുകളിൽ നിന്ന്

ഉച്ചയൂണിന് ശേഷമുള്ള ബെല്ലടിച്ചു. ഹാജറെടുത്ത് ക്ലാസ് ടീച്ചർ പുറത്തേയ്ക്ക് പോയി. ക്ലാസിൽ സംസാരവും ബഹളവും ഉയർന്നു. കുറച്ച് കഴിഞ്ഞ് ഷർട്ട് ഇൻസേർട്ട് ചെയ്ത് ഷൂധരിച്ച് ജന്റിൽമാൻ ലുക്കിൽ ആ വ്യക്തി എന്റെ ക്ലാസ് മുറിയിലേയ്ക്ക് കയറിവന്നു. ആ നിമിഷം ആത്മാവിന്റെയും ശരീരത്തിന്റെ മധ്യത്തിലെന്നപോലെ എന്റെ ചിന്ത ഉയർന്നു. എന്റെ ഹൃദയസ്പന്ദനം കൂടി. കണ്ണുകൾ തുടിച്ചു. എന്റെ സഹപാഠികൾ ഗുഡ് ആഫ്റ്റർ നൂൺ സർ എന്ന് അഭിസംബോധന ചെയ്തു. അവരെല്ലാം സ്വസ്ഥാനങ്ങളിൽ ഇരുന്നു. ഞാൻ മാത്രം ഇരുന്നില്ല. അദ്ദേഹം എന്നോട് ഇരിക്കാൻ പറഞ്ഞു. സർ ബ്ലാക്ക് ബോഡിൽ പരീക്ഷയുടെ ടൈംടേബിൾ എഴുതിയിട്ടു. ഞാൻ കൂട്ടുകാരനോട് പതുക്കെ ചോദിച്ചു. 'സർ --- എങ്ങനെ --ഇവിടെ ???'

അവൻ പതുക്കെ പറഞ്ഞു. സാറിന്റെ പരീഡ് പിന്നാരാ വരേണ്ടത്?'

എന്റെ ഉള്ളില തോന്നലുകൾ ആരോടും പറയാനാവാതെ ഞാൻ വീർപ്പുമുട്ടി.

ഞാൻ പുറത്തേയ്ക്കോടി. പുറം കാഴ്ചകൾ എനിക്ക് അപരിചിതമായി . ഓരോ കാഴ്ചയും എന്നെ ഞെട്ടിച്ചുകൊണ്ടിരുന്നു.

ഗ്രൗണ്ടിൽ കുട്ടികൾ ഫുഡ്ബോൾ കളിക്കുന്നു.ചിലർ ക്ലാസിലുണ്ട് .ഞാൻ ഓടിയണച്ച് ക്ലാസിലേയ്ക്ക് കയറി.

സാർ എന്നെ അടുത്തുവിളിച്ചുചോദിച്ചു:'നിനക്കെന്തുപറ്റി?'

സാർ മരിച്ചുപോയില്ലേ? .ഞാൻ വിറച്ചുകൊണ്ടാണ് ചോദിച്ചത് .

ക്ലാസിലെ എല്ലാവരും എന്നെ നോക്കി ചിരിച്ചുകൊണ്ടിരുന്നു. ചിലരുടെ ചിരി ഒരട്ടഹാസമായി എനിക്ക് തോന്നി

സാർ കസേരയിൽനിന്ന് എഴുന്നേറ്റ് എന്റെ അടുത്തേയ്ക്ക് വന്നു.എന്നെ ചേർത്തുപിടിച്ച് എന്നോട് സംസാരിക്കാൻ തുടങ്ങി.

പെട്ടന്നായിരുന്നു ക്ലോക്കിൽനിന്നും മണിയൊച്ചകേട്ടത്.

ഞാൻ ഞെട്ടിയുണർന്നു..

പള്ളിയിൽനിന്നും കുരിശുമണി കേൾക്കുന്നു.

ഞാൻ ഓർക്കുകയായിരുന്നു,. സാർ എന്നോട് എന്താണ് പറയാൻ ശ്രമിച്ചത് ?

ഞാൻ തിരുഹൃദയരൂപത്തെ നോക്കി. രൂപത്തിനടുത്ത് വെച്ചിരിക്കുന്ന കാർഡ് ഞാൻ കണ്ടു.ഏതെടുത്ത് ഞാൻ നെഞ്ചോട് ചേർത്തുവെച്ചു.

കാലവും ഓർമകളും നിശ്ചലമായി നിന്നു.

കാർഡിലെ വാചകമായിരുന്നു എന്റെ ചോദ്യത്തിനുത്തരം .

സ്നേഹിക്കുന്നവരുടെ മനസിൽ നിന്നും മായുമ്പോഴെ എനിക്ക് മരണമുള്ളൂ-------

എനോഷ് ആന്റെണി

പത്താംക്ലാസ് വിദ്യാർത്ഥിയാണ്.

തന്റെ പ്രിയഗുരുനാഥന്റെ വേർപാടിന്റെ ഓർമ്മകളാണ് ഈ കഥയ്ക്ക് ആധാരം.

സമർപ്പണം

ജസ് വിൻ ആന്റെണി

പത്താംതരം

# എന്റെ വിദ്യാലയം

കാലം എനിക്കായി കരുതിവെച്ച ഒരിടം
ഹൃദയത്തിന്റെ ഉള്ളറയിലെവിടെയോ സ്ഥാനം പിടിച്ച ഒരിടം
എന്റെ വിദ്യാലയം
എന്നെ ഞാനാക്കിയ അനന്തവിഹായസ്
അമ്മയുടെ മുലപ്പാലിന്റെ മാധുര്യവും
അപ്പന്റെ വഴക്കിന്റെ സ്നേഹവും നിറഞ്ഞ വരാന്തകൾ
ജീവിതത്തിന്റെ പൊരുൾ , അർത്ഥരാഹിത്യങ്ങൾ
എല്ലാം മനസിലാക്കിത്തന്ന അദ്ധ്യാപകർ,കൂട്ടുകാർ
അനുഭവങ്ങളിലൂടെ ജീവിതം വരച്ചിട്ടവർ
അനശ്വരമായ ജീവിതത്തെ എനിക്കുമുന്നിൽ വരച്ചിട്ട ഗുരുനാഥൻ
ചില കാത്തിരിപ്പുകളാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്
വരാനിരിക്കുന്നതെല്ലാം നേരിടാനാണെന്ന് തിരിച്ചറിഞ്ഞ നാളുകൾ
പലപ്പോഴും അന്യമായവീടിന് പകരം വെയ്ക്കാവുന്ന ഒരിടം
എന്റെ വിദ്യാലയം
പെരുമ്പടവം എഴുതിയപോലെ –
ജീവിതത്തിന്റെ താഴ്വരകളും കൊടുമുടികളും അൾ ത്താരകളും ഗർത്തങ്ങളും കാട്ടിത്തന്ന വിശുദ്ധ ഗേഹം
അക്ഷരക്കൂട്ടങ്ങൾക്ക് വർണ്ണിക്കാനാവാത്തതാണ് ഇവിടെ ഞാൻ ചിലവഴിച്ച നിമിഷങ്ങൾ
നല്ല ഓർമ്മകളും പിന്നെ വേദനകളും നിറഞ്ഞ ദിനങ്ങൾ
സൗഹൃദത്തിന്റെ മങ്ങാത്ത പവിത്രത മനസിലാക്കിയ നാളുകൾ
കാലത്തിനപ്പുറവും തുടിക്കുന്ന ഓർമ്മകൾ സമ്മാനിച്ച നിമിഷങ്ങൾ
എനിക്കൊന്നേ പഠിക്കാൻ കഴിഞ്ഞിട്ടുള്ളൂ
ജീവിതത്തെ സ്നേഹിക്കാൻ മാത്രം
ഇനി എല്ലാം ഓർമ്മയാകാൻ നിമിഷങ്ങൾ മാത്രം.

സമയം ആർക്കോ പിന്നാലെയെത്താൻ വെമ്പുന്നു
ഓർമ്മകൾക്ക് അവസാനമുണ്ടെങ്കിൽ അതെന്റെയും അന്ത്യമായിരിക്കും
ആയുസിന്റെ കണക്കിൽ ചെലവിട്ടത് കൂടുതൽ വീട്ടിലാണെങ്കിലും ഭംഗിയുള്ള ഓർമ്മകൾ
ഇവിടെയായിരുന്നു.
ആകാശം നോക്കിനിൽക്കുന്ന കുട്ടിയായിരുന്നു.
ജീവിതം ഒന്നും മനസിലാക്കിത്തരുന്നില്ല
ഉത്തരങ്ങളുമായി എവിടെനിന്നോ ചിലർ വരുന്നു
എവിടെയ്ക്കോ പറന്നുപോകാനൊരുങ്ങുന്നു
യാതാത്ഥ്യങ്ങളെ മറികടക്കാൻ മനുഷ്യന് കഴിയാതെപോകുന്നു
നിസ്സഹായത
വെറുതെ നോക്കിനൽക്കുകയല്ലാതെ ഒന്നും ചെയ്യാനാവുന്നില്ല
സ്മരണസ്സരണങ്ങളാൽ തുടിക്കുന്നുഎൻഹൃദയം
എന്തിനോവേണ്ടി
നിലയ്ക്കുവോളം കൂട്ടായി ,തണലായി

**ജസ് വിൻ ആന്റെണി**

പത്താംക്ലാസ് വിദ്യാർത്ഥി. കലാസാഹിത്യരംഗങ്ങളിൽ തല്പരൻ. നന്നായി വായിക്കുകയും എഴുതുകയും ചെയ്യുന്നു. വിദ്യാലയം തന്റെ മനസിൽ കോറിയിട്ടന്ന ചിത്രങ്ങളാണ് അടയാളപ്പെടുത്തലുകളാണ് ഇതിവൃത്തം

**Poetry**

**Samuel Mathew**
**Tenth Standard**

# VIBGYOR ROSE

**She was**
**She was like a hot coffee in the cold rain**
**She was relief in my desp**
**She was like a blanket in the intense cold**
**She was the light of my life's way**
**She was my architect**
**We were like red red rose**
**We were like prince and princess**
**We were like fish and water**
**We were like thunder and lightining**
**We were lkie------**
**God bless our love**
**Nature praises our love**
**But at last**
**But at last all happened upside**
**Now she is ---**
**Now she is a twinkling star in the sky**
**Give light for me in the Earth**
**Now she is a thorn in the beautiful rose**
**She is nightlight in the darkness**
**She will be with me always**





ലേഖനം

ആൽഫിൻ കെ.എ

എട്ടാംതരം



# മണ്ണ് സംരക്ഷണം നമ്മുടെ ധാർമ്മീകത തന്നെ

(എട്ടാംക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത് )

ഒരു നല്ല ജീവിതത്തിന് പ്രകൃതി സംരക്ഷണം എന്നത് വളരെ പ്രധാനപ്പെട്ടതാണ്. മണ്ണ് ജീവനുള്ള ഒരു സമൂഹമാണ് . മണ്ണെന്ന ലോകത്ത് മനുഷ്യരുൾപ്പെടെ കോടിക്കണക്കിനു ജീവികളാണ് കാണപ്പെടുന്നത് .അമേരിക്കയിലെ വിസ്കോന്സിൽ സർവകലാശാലയിലെ ശാസ്ത്രജ്ഞർ ഒരു ടീസ്പൂൺ മണ്ണ്പഠനവിധേയമാക്കിയപ്പോൾ 500 കോടിയോളം ബാക്ടീരിയകളെയും രണ്ടു കോടിയോളം ആക്ടിനോമൈസൈറ്റിസുകളെയും പത്തു ലക്ഷത്തോളം പ്രോറ്റൊസോവകളെയും രണ്ടു ലക്ഷത്തോളം ആൽഗകളെയും ഫംഗസ്സുകളെയുമാണ് കണ്ടെത്തിയിട്ടുള്ളത് . എന്നാൽ വിവേകരഹിതരായ മനുഷ്യരുടെ പ്രവൃത്തികൾ മണ്ണെന്ന മാതാവിൻറെ മാറുപിളർന്ന് സ്വയം വിപത്തുകൾഏറ്റുവാങ്ങുന്ന നിലയിലേക്കെത്തിയിരിക്കുന്നു. പണം, ലാഭം എന്നീ ഘടകങ്ങൾ മാത്രം ലക്ഷ്യമാക്കുന്നവർ ഭൂമിയെ പല വിധത്തിൽ നശിപ്പിക്കാൻ ശ്രമിക്കുന്നു.
ഇത് അവൻറെ നിലനിൽപ്പിനെത്തന്നെയാണ് ഇല്ലാതാക്കാൻ ശ്രമിക്കുന്നതെന്ന വസ്തുത സ്വയം തിരിച്ചറിയുന്നില്ല.

ഇന്ന് പ്രപഞ്ചത്തോട് കാണിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് അതേ നാണയത്തിൽ തിരിച്ചടിക്കാൻ തുനിയാത്തതിനാലാണ് ഇന്നും നാം നിലനിൽക്കുന്നത് . ഒരു തുണ്ട് പ്ലാസ്റ്റിക് മണ്ണിലേക്ക് വലിച്ചെറിയുമ്പോഴോ,



മണ്ണറിവ്

ഒരു തുള്ളി കീടനാശിനി മണ്ണിൽ ഒഴിക്കുമ്പോഴോ ഒരുപിടി മണ്ണ് ഒലിച്ചു പോകുമ്പോഴോ, ഒരു കോടി ജീവനാണ് ഇല്ലാതാകുന്നതെന്ന തിരിച്ചറിവിൽ വേണം നാം ജീവിക്കേണ്ടത് . വ്യക്തി, സമൂഹം, ഭരണകൂടം എന്നിങ്ങനെയുള്ള

വേർതിരിവ് അതിലുണ്ടാകരുത് . ഓരോ വിഭാഗവും അവരുടെ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുമ്പോൾ

ഭൂമിയുടെ നിലനിൽപ് തന്നെ അപകടകരമായ അവസ്ഥയിലേക്ക് ചെന്നെത്തുന്നു. പ്രപഞ്ചത്തിൽ ഭൂമി, ജലം,

വായു എന്നീ മൂന്ന് മണ്ഡലങ്ങൾ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഇതിൽ ഒന്നിന്റെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടിയാൽ പ്രകൃതിക്ക് കാര്യമായ മാറ്റങ്ങൾ സംഭവിക്കും. അതിനാൽ അനുദിനം നാശത്തിലേക്ക് നീങ്ങുന്ന ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടത് ഓരോ വ്യക്തിയുടെയും കടമയാണ് .

അതിനാൽതന്നെ എല്ലാ രാജ്യങ്ങളുടെയും ഭരണഘടനയിലും ഉടമ്പടികളിലും പ്രകൃതി സംരക്ഷണത്തെക്കുറിച്ച്

കാര്യമായി വിശദീകരിക്കുന്നുണ്ട് . മണ്ണും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൻറെ ആഴം അതിൽ വ്യക്തമാണ്. ആധുനിക ലോകത്ത് പരിഷ്കാരത്തിന്റെയും വികസനത്തിന്റെയും വഴിയിൽ പ്രകൃതി സംരക്ഷണമെന്നത് ഒരു

മിത്തായി മാറി. കുഴിച്ചും മണ്ണെടുത്തും ഇഷ്ടിക ചുട്ടും മാലിന്യം നിക്ഷേപിച്ചും രൂപാന്തരം വരുത്തിയും പാറപൊട്ടിച്ചും രാസമാലിന്യം തളിച്ചും കുന്നിടിച്ചും സ്ഫോടനങ്ങൾ നടത്തിയും ലോകമെമ്പാടും ഭൂമി നേരിടുന്ന

ഇത്തരം നാശങ്ങൾ ചെറുക്കുവാനുള്ള സമയമായി. ഭൂമിയോളം ഭൂമി ക്ഷമിച്ചു. തിരിച്ചടിച്ചു തുടങ്ങിയതിൻറെ ലക്ഷണങ്ങൾ ഭൂമി കുലുക്കമായും സുനാമിയായും കൊടുങ്കാറ്റായും കടൽക്ഷോഭമായും വരൾച്ചയായും, പേമാരിയായുമൊക്കെ പലയിടങ്ങളിലും കണ്ടു തുടങ്ങി. ഈ സാഹചര്യത്തിലാണ് നാം ഇന്ന് ലോകമണ്ണ് ദിനമായി ആചരിക്കപ്പെടുന്നത് .

ഭൂമിയെ ഈ നാശത്തിൽ നിന്നും കരകയറ്റുവാനുള്ള മുന്നൊരുക്കങ്ങൾ നടത്തുകയെന്നതാണ് ദിനാചരണത്തിലൂടെ

ഐക്യരാഷ്ട്ര സംഘടന ലക്ഷ്യമിടുന്നത് . സർവ്വനാശം നേരിടുന്ന ഈ കാലഘട്ടത്തിൽ ഭൂമി ദിനം

ആചരിക്കുന്നതിന് വലിയ പ്രാധാന്യമുണ്ട് . ഒരു ദിവസത്തെ ആചരണം കൊണ്ട് എല്ലാം നേരെയാക്കാനാകില്ലെങ്കിലും നമ്മുടെ ഭൂമി നേരിടുന്ന ദുരന്തങ്ങളെക്കുറിച്ച് ഓർക്കുവാനും ഭൂമിയില്ലെങ്കിൽ മനുഷ്യൻ

റെ ഇടം നഷ്ടപ്പെടും എന്ന ചിന്ത വളർത്തുവാനും ഭൂമിയെ രക്ഷിക്കുവാനുള്ള നടപടി ആരംഭിക്കാനും കഴിഞ്ഞാൽ ഭൂമി ദിനം ആചരിക്കുന്നതിന് അർത്ഥമുണ്ടാകു



**ആൽഫിൻ കെ.എ**

എട്ടാംക്ലാസ് വിദ്യാർത്ഥി. ശാസ്ത്രലേഖനങ്ങൾ വായിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നത് ശീലമാക്കിയ കുട്ടി. ജീവശാസ്ത്രാദ്ധ്യാപികയുടെ സഹായത്തോടെ തയ്യാറാക്കിയ ശാസ്ത്രലേഖനം .

സ്മരണ

ജിതിൻ ഡൈനീഷ്യസ്
പത്താംതരം

# ഫാദർ ഓസിയെ അടയാളപ്പെടുത്തുമ്പോൾ

അതൊരു കൊടുംകാറ്റായിരുന്നു. പ്രസംഗവേദികളിൽ വാക്കുകൾ അതിന്റെ ഉറവപൊട്ടിച്ച് നിർഗ്ഗളിക്കുന്നു. ഫാദർ വടക്കനോപ്പം, ഫാദർ മുളങ്കാട്ടിലിനൊപ്പം ബിഷപ്പ് മങ്കുഴിക്കരിക്കൊപ്പം പറഞ്ഞുകേട്ടിരുന്ന പേര്. ഫാദർ ഓസി എന്ന ഫ്രാൻസീസ് ഓസ്സാനയെക്കുറിച്ച് തന്നെയാണ് എഴുതുന്നത്. മുറിക്കപ്പെട്ട അപ്പം എന്ന പുസ്തകത്തിന്റെ കമ്പൈലറായിട്ടാണ് ആ എഴുത്ത് ആദ്യം കണ്ടത്. കേരളത്തിലെ പ്രസിദ്ധരായ വേദപുസ്തക പണ്ഡിതരുടെ ലേഖനസമാഹാരമായിരുന്നു അത്.



വരാപ്പുഴ ഇടവക മഞ്ഞുമ്മൽ കർമ്മലീത്താസഭയുടെ ഭരണത്തിലായപ്പോൾ ആദ്യം നിയോഗിച്ച മൂന്ന് ശ്രേഷ്ഠവൈദീകരായിരുന്നു ഫാദർ പോൾ കാട്ടിപ്പറമ്പിലും ഫാദർ ഓസി കളത്തിലും , ഫാദർ ആന്റെണിയും. തുടർന്ന് വികാരിയായി ഇവിടെതന്നെ വീണ്ടുമെത്തി അദ്ദേഹം.ഏതാണ്ട് ആറ് വർഷക്കാലം ഈ പ്രസംഗവേദിയിൽ ആ വാക്കുകൾ മുഴങ്ങിക്കേട്ടു. ഒരു നിമിഷാർദ്ധത്തിൽ തന്നെ ചിന്തയുടെ ഉന്നതമായ സൗഭാഗ്യങ്ങളിലേയ്ക്ക് നമ്മെ കൊണ്ടുപോകുന്ന ആ വാക്കുകളുടെ മാസ്മരീകത തികഞ്ഞ ആദരവോടെ ഓർക്കുന്നു. ഫാദർ പോൾ പ്രോവിഷിൻഷ്യാളായ കാലത്താണ് കോർപ്പറേറ്റ് ഏജൻസി ആരംഭിച്ചത്. ആദ്യത്തെ ജനറൽ മാനേജറായിരുന്നു ഫാദർ ഓസി കളത്തിൽ.വിവിധ ജില്ലകളിൽ സ്ഥിതിചെയ്യുന്ന സ്കൂളുകളെ കൂട്ടിച്ചേർക്കുന്ന ദുഷ്ക്കരമായ ജോലി അദ്ദേഹം കഠിനാദ്ധ്വാനത്തിലൂടെ വിജയിപ്പിച്ചു എന്നത് വസ്തുതയാണ്. ഈ ശ്രേഷ്ഠവൈദീകന്റെ വിയോഗത്തിൽ ഹോളി ഇൻഫന്റ്സ് ബോയ്സ് ഹൈസ്കൂൾ വിദ്യാർത്ഥി എന്ന നിലയിൽ ആദരവർപ്പിക്കുന്നു.

എനോഷ് ആന്റണി

വരാപ്പുഴ ഇടവകാഗം . ഈ വിദ്യാലയത്തിലെ പത്താംക്ലാസ് വിദ്യാർത്ഥി . കുട്ടികളെ പ്രതിനിധീകരിച്ച് എനോഷ് നടത്തിയ അനുസ്മരണപ്രസംഗത്തിൽ നിന്ന്

ദിനാചരണം

സ്കൂൾ അസംബ്ലി

ആന്റണി റൂണി

പത്താംതരം



# ഒരു രക്തപുഷ്പത്തിന്റെ കഥ


ഇന്ന് ഭഗത് സിംഗിന്റെ ഓർമ്മദിനം...... ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വിപ്ലവകാരികളിലൊരാളായിരുന്ന ഭഗത് സിംഗ് . രക്തസാക്ഷി എന്ന അർത്ഥത്തിൽ ശഹീദ് ഭഗത് സിങ് എന്നും വിളിക്കപ്പെടാറുണ്ട് . ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ പോരാടി രക്തസാക്ഷിത്വം വരിച്ച വിപ്ലവകാരിയായി അദ്ദേഹത്തെ കണക്കാക്കുന്നു. ലാഹോർ ഗൂഢാലോചനയിൽ പങ്കാളിയായ അദ്ദേഹത്തെ ബ്രിട്ടീഷ് സർക്കാർ വധശിക്ഷക്ക് വിധേയനാക്കി. തന്റെ ബാല്യകാലം മുതൽതന്നെ ഭഗത് സിംഗ്, ബ്രിട്ടീഷ് രാജിനെതിരായി പ്രവർത്തിച്ചിരുന്നു. അക്കാലത്ത് അദ്ദേഹം വായിച്ചിരുന്ന യൂറോപ്പിലെ വിപ്ലവ സംഘടനകളെക്കുറിച്ചുള്ള പുസ്തകങ്ങൾ അദ്ദേഹത്തെ അരാജകവാദത്തോടും മാർക്സിസത്തോടും അടുപ്പിച്ചു. അക്രമരഹിതമായ സമരമാർഗങ്ങളേക്കാൾ സായുധപോരാട്ടത്തിനു മുൻഗണന നൽകിയ അദ്ദേഹത്തെ ഇന്ത്യയിലെ ആദ്യ മാർക്സിസ്റ്റുകളിലൊരാളായും ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നു. ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ എന്ന വിപ്ലവസംഘടനയുടെ സ്ഥാപകനേതാക്കളിലൊരാളാണ് ഭഗത് സിംഗ് . ലാഹോറിലെ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബെറിഞ്ഞതുമായി ബന്ധപ്പെട്ടുണ്ടായ ലാഹോർ ഗൂഢാലോചനക്കേസിൽ അദ്ദേഹം പോലീസിനു കീഴടങ്ങി. പോലീസിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളുണ്ടായിരുന്നുവെങ്കിലും തങ്ങളുടെ ആശയങ്ങളും ലക്ഷ്യങ്ങളും ബ്രിട്ടീഷ് അധികാരികൾ തിരിച്ചറിയട്ടെ എന്നു കരുതിയാണ് ഭഗത് സിംഗും കൂട്ടരും പോലീസിനു കീഴടങ്ങിയത് . ജയിലിൽ എല്ലാ തടവുകാർക്കും ഒരേ പരിഗണന ലഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഭഗത് സിംഗ് 63 ദിവസത്തെ നിരാഹാരസമരം നടത്തി. ഇത് അദ്ദേഹത്തിന് വളരെയധികം ജനസമ്മതി നേടിക്കൊടുത്തു. ജോൺ സൗണ്ടർ എന്ന പോലീസുകാരനെ വധിച്ച കേസിലും ഭഗത് സിംഗിന്റെ പങ്കാളിത്തം തെളിയിക്കപ്പെട്ടു. ലാഹോർ ഗൂഢാലോചനാ കേസ്സിൽ ഭഗത് സിംഗിനെ വിചാരണ ചെയ്യുകയും ഇരുപത്തിമൂന്നാമത്തെ വയസ്സിൽ വധശിക്ഷക്കു വിധേയനാക്കുകയും ചെയ്തു. ഭഗത് സിംഗിന്റെ ജീവിതം പിന്നീട് ധാരാളം യുവാക്കളെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലേക്ക് കടന്നുവരാൻ പ്രേരിപ്പിച്ചതായി കണക്കാക്കപ്പെടുന്നു ദേശീയതയ്ക്ക് വിപ്ലവാത്മകമായ ഒരു കാഴ്ചപ്പാട് നൽകിയ ഭഗത് സിംഗിനെ ഗാന്ധി എതിർത്തിരുന്നു. ഭഗത് സിംഗിന്റെ വഴി ഗാന്ധിയുടെ ചിന്തകളുമായി ചേർന്നുപോകുന്നതായിരുന്നില്ല. ഇരുപത്തിയൊന്ന് വയസ് വരെ മാത്രമേ ഈ വിപ്ലവകാരി ജീവിച്ചിരുന്നുള്ളൂ. ദേശാഭിമാനം തന്റെ രക്തത്തിൽ അലിയിച്ചുചേർത്ത ഈ യുവാവ് തന്റെ സ്വകാര്യജീവിതം പാടെ മറന്നുപോയിരുന്നു. രാജ്യത്തിനുവേണ്ടി മരിക്കാൻ ഈ മനുഷ്യൻ ഉറച്ച് തീരുമാനിച്ചിരുന്നതായി അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും വ്യക്തമായിരുന്നു. ഇന്ന് ഈ ദേശസ്നേഹിയെ .


ജൂലിയൻ ജോസഫ്

പത്താംതരം

# ---- മഞ്ഞ് ---
# മലയാളിയെ കാത്തിരിക്കാൻ പഠിപ്പിച്ച നോവൽ

മഞ്ഞ് ഒരു പ്രണയകാവ്യമാണ് .അരനൂറ്റാണ്ടുകാലം മലയാളികളുടെ മനസ്സിൽ കുളിരു നിറച്ച ഒരു നോവൽ. ഭാഷയുടെ മേൽ എഴുത്തുകാരന്റെ സർഗ്ഗാത്മകത കൈവരിച്ച വിജയത്തിന്റെ ദൃഷ്ടാന്തമാണത്. മലയാള നോവൽ കവിതയോടടുത്തത് മഞ്ഞിലൂടെയാണെന്നു പറയാം. ഗദ്യത്തിലെഴുതിയ കവിതയാണ് അത്. നൈനിറ്റാളിന്റെ ഭംഗിയും കുളിരും ഋതുപകർച്ചകളുമെല്ലാം മഞ്ഞിലൂടെ വായനക്കാരൻ അനുഭവിച്ചു. നൈനിറ്റാൾ കണ്ടിട്ടില്ലാത്തവർക്കു പോലും മഞ്ഞ് വായിച്ചു കഴിയുമ്പോൾ സ്വന്തം ഗ്രാമത്തിലൂടെ നടക്കുന്ന ഒരനുഭൂതി. മൂടൽ മഞ്ഞ് കാഴ്ചകൾ മറയ്ക്കുന്ന തടാകക്കരയിലൂടെ മൂടിപ്പുതച്ച് മഞ്ഞിലെ കേന്ദ്ര കഥാപാത്രമായ വിമലയ്ക്കൊപ്പം ബുദ്ദു നടന്നുപോകുന്നത് നമ്മൾ കാണുന്നു. വായനക്കാരെ മഞ്ഞിനോളം അനുഭവിപ്പിച്ച മറ്റൊരു കൃതിയില്ലെന്നു തന്നെ പറയാം. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള



ഗാഢാനുരാഗത്തെയാണ് എംടി വായനക്കാരനിലേക്കെത്തിച്ചത്. നീലക്കണ്ണുള്ള കാമുകനെ കാത്തിരിക്കുന്ന വിമലയുടെ കഥയാണ് നൈനിറ്റാളിന്റെ പശ്ചാത്തലത്തിൽ എംടി എഴുതിയത്. അന്നുവരെ കണ്ടിട്ടില്ലാത്ത തരത്തിലുള്ള അസാധാരണമായ ശൈലിയിലാണ് കഥ പറഞ്ഞിരിക്കുന്നത്. ഓരോ വാചകത്തിലും നിരവധി അർത്ഥങ്ങൾ ഒളിഞ്ഞിരിക്കുന്നു. കാൽപനിക മനസ്സുമായി ജീവിക്കുന്ന ശരാശരി മലയാളിയെ ഭ്രമിപ്പിക്കാൻ പോന്ന തരത്തിലുള്ള ആഖ്യാന ശൈലി. മഞ്ഞിൽ എംടി സംഗീതം നിറച്ചിരിക്കുകയാണെന്ന് നിരൂപകർ പറയാറുണ്ട്. മറ്റൊരു നോവലിനും അത്തരത്തിലൊരു പ്രശംസ ലഭിച്ചതായി അറിയില്ല. വർഷങ്ങൾക്കു മുമ്പ് കണ്ടുമുട്ടിയ സുധീർകുമാർ മിശ്രയെന്ന കാമുകനുവേണ്ടി വിമലയെന്ന സ്ത്രീയുടെ കാത്തിരിപ്പ്. തിരിച്ചുവരാത്ത കാമുകനുവേണ്ടിയാണ് അവളുടെ കാത്തിരിപ്പ്. അത് അർത്ഥശൂന്യമാണെന്ന്അറിഞ്ഞുകൊണ്ടു തന്നെയാകുമ്പോൾ വായനക്കാരന്റെ മനസ്സിലേക്കും അത് പടരുന്നു, കാത്തിരിപ്പിന്റെ അർത്ഥശൂന്യതയും പ്രണയത്തിന്റെ ഭാവതലങ്ങളുമെല്ലാം... നോവലിലുടനീളം കാമുകനെ കാത്തിരിക്കുന്ന വിമല ഒരിക്കൽ പോലും അയാളെ കണ്ടെത്തുന്നില്ല. എങ്കിലും പ്രതീക്ഷ കൈവിടുന്നില്ല. നോവലിന്റെ അവസാനവും അവർ പറയുന്നു, വരും വരാതിരിക്കില്ല....നോവൽ അവസാനിക്കുന്നതും വരാതിരിക്കില്ല എന്ന പ്രതീക്ഷ നിലനിർത്തിക്കൊണ്ടാണ്. നോവലിലെ പ്രധാന

കഥാപാത്രങ്ങളെല്ലാം അങ്ങനെയാണ്. ആരെയൊക്കെയോ കാത്തിരിക്കുന്നു. താൻ ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത വെള്ളക്കാരനായ പിതാവിനെ ഒരുനോക്കു കാണുവാനുള്ള കാത്തിരിപ്പിലാണ് ബുദ്ദു എന്ന തോണിക്കാരൻ. അവനും കരുതുന്നതങ്ങനെയാണ്, വരും വരാതിരിക്കില്ല എന്ന്. കാത്തിരിപ്പെന്ന അശയമാണ് നോവലിന്റെ കേന്ദ്ര ബിന്ദു. വിമല അതേക്കുറിച്ചു പറയുന്നത് ഇങ്ങനെ... ''.....നാമെല്ലാം കാത്തിരിക്കുകയാണ് ബുദ്ദു. ഓരോ വർഷവും ഈ നഗരവും കാത്തിരിക്കുന്നു. അതിനിടയ്ക്ക ദിവസങ്ങൾ പൊയ്ക്കോണ്ടിരിക്കുന്നു. ചക്കാൻ വീഴുമ്പോൾ തെറിക്കുന്ന നീർപ്പോളകൾ. കാത്തിരിക്കാൻ നിനക്കൊരു ഗോരാ സാഹിബിന്റെ ഛായയുണ്ട്. നീല ഞരമ്പുകൾ തുടിക്കുന്നൊരു മുഖമായിരിക്കും മറ്റൊരാൾക്ക്...'' നോവലിലെ സുധീർ മിശ്ര സഞ്ചാരിയും സഹൃദയനുമാണെന്നു കാണാം. ബസ്സിൽ വച്ചുള്ള പരിചയം വിമലയും അയാൾക്കുമിടയിൽ പ്രണയമായ് പടരുകയായിരുന്നു. നൈനിറ്റാളിലെ ലൌവേർസ് ട്രാക്കിലൂടെ സഞ്ചരിച്ച് കാപ്പിറ്റോളിൽ വച്ച് അവരുടെ ആത്മാവും ശരീരവും ഒന്നാകുന്നു. എന്നാൽ സുധീർകുമാർ മിശ്ര അവളെ വഞ്ചിക്കുകയായിരുന്നു. എന്നാൽ വിമല അങ്ങിനെ കരുതുന്നില്ല. ഒരിക്കലും മുഴുമിക്കാത്ത ചിത്രം പോലെ ലൗവേർസ് ട്രാക്കിലെ ശിലാഫലകങ്ങളിൽ തങ്ങളുടെ പേര് കൊത്തിവച്ച് ഒരു ദിനം അപ്രത്യക്ഷനാകുന്ന സുധീർ മിശ്ര. എന്നിട്ട് പോലും അവൾ അയാളെ സ്നേഹിക്കുകകയായിരുന്നു, പ്രതീക്ഷിക്കുകയായിരുന്നു. മഞ്ഞുമൂടിയ കുമയൂൺ കുന്നുകളുടെ പശ്ചാത്തലം വിമലയുടെ മനസ്സിലെ അന്യതാബോധത്തെയാണ് വലുതാക്കുന്നത്. മഞ്ഞിന്റെ തുടക്കം മുതൽ ഒടുക്കം വരെ എഴുത്തുകാരൻ പലർത്തുന്ന ഏകാഗ്രതയാണ് എടുത്തു പറയേണ്ടത്. അടുക്കും ചിട്ടയുമില്ലാത്ത ഒട്ടേറെ നനുത്ത ചിത്രങ്ങൾ വിമലയുടെ മനസ്സിലൂടെ എംടി വരച്ചു കാട്ടുന്നു. പരുക്കൻ ജീവിതയാഥാർത്ഥ്യങ്ങൾക്ക് കവിതയുടെ മാനം നൽകുമ്പോൾ അത് വായനക്കാരനിൽ തന്നെ സംഭവിക്കുന്ന യഥാർത്ഥ ചിത്രങ്ങളായി രൂപാന്തരപ്പെടുന്നു. ഭാവനയും തീഷ്ണമായ അനുഭവങ്ങളുമുള്ള വിമല സുന്ദരിയാണെങ്കിലും അതിനല്ല എംടി ഊന്നൽ നൽകിയിരിക്കുന്നത്. അവളുടെ മനസ്സിന്റെ ചിന്തകൾക്കാണ്. മേഘക്കീറുകൾ പോലുള്ള ചിന്തകൾക്ക്. ഏകാന്തവും വ്യാകുലവുമായ ഒരാത്മാവ് ജീവിതത്തിന്റെ പ്രാർത്ഥനകളുമായി കാത്തു നിൽക്കുന്നു. സുധീർ കുമാർ വരില്ലെന്ന് അറിയാമായിരുന്നിട്ടും വിമല പ്രതീക്ഷ കൈവിടുന്നില്ല. പക്ഷേ, വിമലയുടെ പ്രതീക്ഷകൾക്ക് നിറം പിടിപ്പിച്ച് കടന്നു വരുന്നതാരാണെന്നതാണ് അറിയേണ്ടത്. വേർപാടും വ്യഥയും കാത്തിരിപ്പും. വരുമെന്ന് വിശ്വസിക്കുമ്പോഴും പൊട്ടലുകൾ വീണ ഹൃദയത്തിന്റെ നിശബ്ദമായ വിലാപമാണ് കേൾക്കുന്നത്. ആരാണ് വരിക? വേർപിരിഞ്ഞുപോയ ആളോ, അതോ മറ്റാരെങ്കിലുമോ, അതോ മരണം തന്നെയോ.? മഞ്ഞ് ഓർമ്മിപ്പിക്കുന്നത് മരണത്തെ കൂടിയാണ്. കാത്തിരിപ്പ് മനസ്സിൽ സൃഷ്ടിക്കുന്നത് അരക്ഷിതാവസ്ഥയാണ്. പ്രണയവും അരക്ഷിതമായ അവസ്ഥയിലേക്കാണ് മനുഷ്യമനസ്സിനെ എത്തിക്കുന്നത്. മരണത്തോളം അരക്ഷിതമായി പ്രണയം മാത്രമേയുള്ളു എന്ന് എഴുത്തുകാരൻ പറഞ്ഞത് ഓർത്തുപോകുന്നു. വിമലയും കാത്തിരിക്കുന്നത് മരണത്തെയാണോ? മഞ്ഞ് വായിച്ചു കഴിഞ്ഞപ്പോൾ നൈനിത്താളിൽ പോകാൻ തോന്നി. ടി.പദ്മനാഭന്റെ ഗൗരി വായിച്ചു കഴിഞ്ഞപ്പോൾ നേപ്പാളിലെ പശുപതിനാഥ ക്ഷേത്രം കാണാൻ തോന്നിയതുപോലെ. ഗോപാൽപൂരിലെ മേഘങ്ങളെ പ്രണയിച്ചപോലെ. പദ്മനാഭന്റെ തന്നെ മഖൻ സിംഗിന്റെ മരണം എന്ന കഥ വായിച്ചു കഴിഞ്ഞപ്പോൾ ജമ്മുവിലെ മലനിരകൾക്കടിവാരത്തിൽ സൗന്ദര്യാരാധകനായി നടക്കാൻ കൊതിച്ച പോലെ. മഞ്ഞ് ഒരനുഭവമായിരുന്നു. അരനൂറ്റാണ്ട് പിന്നിടുമ്പോഴും മലയാളികളുടെ മനസ്സിൽ വായനയുടെ കുളിരു നിറച്ച് മഞ്ഞ് അനുഭവമായി തന്നെ നിലനിൽക്കുന്നു. എംടിയുടെ എഴുത്തിനെ മനസ്സിലേക്കാവാഹിച്ച് നൈനിറ്റാളിലേക്ക് തീർത്ഥയാത്ര നടത്തിയ നിരവധി പേരുണ്ട്. നൈനിറ്റാളിൽ ചെന്ന് കുന്നുകൾ കയറിയിറങ്ങി,

തടാകക്കരയിലൂടെ മഞ്ഞിനെ പ്രണയിച്ച് നടക്കാൻ കൊതിക്കുന്നവരാണ് മഞ്ഞിന്റെ വായനക്കാർ. അവിടെ അവർ തിരയുന്നത് വിമലയെയും ബുദ്ദുവിനെയുമാണ്. തടാകവും കുമയൂൺ കുന്നുകളുമെല്ലാം കഥാപാത്രങ്ങളാണ്. മഞ്ഞിനെ പ്രണയിച്ച് നൈനിറ്റാളിലേക്ക് യാത്രപോകാൻ കൊതിക്കുന്ന നിരവധി പുതിയ വായനക്കാരുമുണ്ട്. ആഗ്രഹിച്ചിട്ടും പോകാൻ കഴിയാത്തവർ വീണ്ടും വീണ്ടും മഞ്ഞ് വായിക്കുന്നു. അതിലൂടെ അവിടെയെത്തുന്നു. അരനൂറ്റാണ്ടു കാലം ഒരു ചെറുനോവൽ ഇത്രത്തോളം വായനക്കാരിൽ സ്വാധീനം ചെലുത്തുന്നത് ചെറുകാര്യമല്ല. എംടിയുടെ പ്രധാനപ്പെട്ട കൃതികളുടെ പേരുപറയുമ്പോൾ മഞ്ഞ് അതിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല. മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യകൃതികളുടെ പട്ടികയെടുക്കുമ്പോഴും മഞ്ഞ് അതിലുണ്ടാകും. വായനയുടെ ആഘോഷമാണ് മഞ്ഞ് സംഭവിപ്പിച്ചത്. അരനൂറ്റാണ്ട് പ്രായമെത്തുന്ന ഒരു കൃതി വീണ്ടും വീണ്ടു വായിക്കപ്പെടുന്നത് മലയാളിമനസ്സിൽ അത് ചെലുത്തിയ സ്വാധീനത്തിന്റെ വലിപ്പമാണ് കാണിക്കുന്നത്. എംടിയെ ഒഴിവാക്കി മലയാള സാഹിത്യമില്ലാത്തതുപോലെ, മഞ്ഞിനെ ഒഴിവാക്കിയും മലയാള സാഹിത്യമില്ല. ''ഹിമാലയത്തിന്റെ ചെരുവിലെ തണുത്ത രാത്രികളിൽ നിങ്ങളുറങ്ങിയിട്ടുണ്ടോ? അടുത്ത രാത്രിയിലെ ഏകാന്തത മാത്രം ഓർക്കാനുള്ളപ്പോൾ? നവംബറിലും മേയിലും വാതിലുകളും ജാലകങ്ങളും അടഞ്ഞുകിടക്കുന്നു. തണുപ്പിന്റെയും ചൂടിന്റെയും വികാരങ്ങളേൽപ്പിക്കാത്ത മരപ്പലകകൾ പാകിയ ഭിത്തികൾ ചുറ്റും. തുറന്ന ജാലകത്തിലൂടെ രാത്രി ഉറക്കം ഞെട്ടി കണ്ണുതുറക്കുമ്പോൾ പ്രപഞ്ചത്തിന്റെ ഒരു കീറിൽ പങ്കു പറ്റാനില്ല. ആകാശമില്ലാ, നക്ഷത്രങ്ങളില്ല; ഭൂമിയുടെ നിഴലുകളും നിലാവിൽ വിളറുന്ന വൃക്ഷത്തലപ്പുകളുമില്ല. മഞ്ഞിന്റെ നിറമുള്ള ജാലകങ്ങൾ, മങ്ങിയ കണ്ണാടിച്ചില്ലുകൾ; നിങ്ങളുടെ ലോകത്തിന്റെ കാഴ്ച നശിച്ച കണ്ണുകൾ.'' മഞ്ഞിന്റെ വായന അവസാനിക്കുകയേ ഇല്ല. നൂറ്റാണ്ടും കടന്ന് വായനക്കാരുള്ളിടത്തോളം കാലം നിലനിൽക്കും.

**ജൂലിയൻ ജോസഫ്**

പത്താംക്ലാസ് വിദ്യാർത്ഥിയാണ്. പുസ്തകവായനയിലും എഴുത്തിലും തല്പരൻ. താൻ വായിച്ച പുസ്തകത്തെക്കുറിച്ച് എഴുതിയതാണ് ഈ കുറിപ്പ്




മഞ്ഞിന്റെ പുറം പേജ്

ഓർമ്മ

സെബാസ്റ്റിൻ ജോയൽ വി.ജെ

പത്താംതരം

സ്കൂൾ ലീഡർ

# നീർമാതളം പൂത്ത കാലം



ആഴങ്ങളിലേയ്ക്കുള്ള ചിന്തകൾ ഒന്നുമില്ല. ഓർത്തുവെയ്ക്കാൻ ഇഷ്ടപ്പെടുന്ന നല്ല കുറച്ച് ഓർമ്മകളുടെ മാമ്പഴക്കാലം.അതാണ് എന്നെ സംബന്ധിച്ചിടത്തോളം എച്ച് .ഐ .ബി .എച്ച് .എസ് . കുട്ടിത്തം വിളയാടുന്ന നല്ല അനുഭവക്കാലം.ഏകദേശം ഇരുപത് മിനിറ്റോളം നടന്ന് ബസ്സ്റ്റോപ്പിലെത്തി. അവിടെനിന്ന് ചേരാനല്ലൂർ ബസ് കയറി പുഴകടന്ന് കാഴ്ചകൾ കണ്ട് എത്തിയിരുന്ന എന്റെ വിദ്യാലയം.നല്ല സുഖമുള്ള ഓർമ്മകൾ എനിക്ക് നൽകിയത് യു.പി സ്കൂൾ കാലത്തായിരുന്നു.കളിയുടെയും



ചിരിയുടെയും മധുരമൂറുന്ന നല്ലകാലം.നിഷ്കളങ്കമായ ബാല്യത്തിന്റെആവരണത്തിനുള്ളിൽ സുരക്ഷിതമായിരുന്ന കാലം അവിടെ എന്റെ ഓർമ്മയിൽ പോൾ സർ .എന്നും നിറഞ്ഞുനിൽക്കുന്ന ഓർമ്മകളുടെ മായികവലയത്തിലേയ്ക്ക് മറ്റദ്ധ്യാപകരും വന്നുപോകുന്നു. എട്ടാംക്ലാസ് പുതിയ അന്തരീക്ഷമാണ് സൃഷ്ടിച്ചത്. പുതിയ അദ്ധ്യാപകർ പഠനരീതികളിൽ അന്ധാളിപ്പുണ്ടാക്കി.എന്തൊക്കയോ വന്ന് പറഞ്ഞുപോകുന്നവർ. അവർക്കിടയിൽ ഷിന്റൊസർ ഒരാശ്വാസമായിരുന്നു. സാറിന്റെ ഡ്രിൽ പിരീഡുകൾ വല്ലപ്പോഴുമൊക്കെ കിട്ടുമായിരുന്നു.സാർ ഞങ്ങളുടെ മനസിൽ താരമായത് അങ്ങനെയാണ്. പതുക്കെ പതുക്കെ ഓരോ അദ്ധ്യാപകരുമായി പരിചയത്തിലായി.ക്ലാസ് ലീഡർ ആയതുകൊണ്ട് ഓരോരുത്തരെയും വിളിച്ചുകൊണ്ടുവരുന്നത് ഞാനായിരുന്നു.എന്തും തുറന്നുപറയാൻ ഒരു സുഹൃത്തായി സ്മിതടീച്ചറെ കിട്ടി.അതായിരുന്നു ഏറ്റവും

വലിയ ഭാഗ്യം.ഒത്തിരി സംശയരോഗി ആയതിനാൽ
ലെശടീച്ചർ എന്നിൽ നിന്നും പത്തടി അകലം
പാലിച്ചു.കണക്കപഠിപ്പിച്ചിരുന്ന ജോർജ്ജ് സർ . ആകെ
കിട്ടിയിരുന്ന ഒരു വിനോദക്ലാസ്
അദ്ദേഹത്തിന്റെതായിരുന്നു.പേടിപ്പിക്കാറില്ല. തല്ലാറില്ല .
സ്നേഹം മാത്രം.

അങ്ങനെയിരിക്കെ എട്ടാംക്ലാസ് എന്ന യുദ്ധം
അവസാനിച്ചു. ഒൻപതിലെത്തിയ ലിസ്സി ടീച്ചറിനെ
പറയാതെ വയ്യ. ഒരു പ്രത്യേകതരം സ്നേഹത്തിന്റെ
ആൾ രൂപമായിരുന്നു ടീച്ചർ.സ്നേഹം പുറത്തുകാട്ടിയാൽ
ഞങ്ങൾ ചീത്തയായി പോകുമോ എന്ന പേടിയാവണം
ടീച്ചർ അകന്നുനിന്നത്. ടീച്ചറിന്റെ മനസുനിറയെ
ഞങ്ങളോടുള്ള സ്നേഹമായിരുന്നു.

ഞങ്ങളുടെ പ്രിയപ്പെട്ട ജോഫിൻ സർ എത്രയോ
പ്രിയമുള്ളവനായിരുന്നെന്ന് നഷ്ടപ്പെട്ടപ്പോഴാണ്
സത്യത്തിൽ തിരിച്ചറിഞ്ഞത്. പകരമായെത്തിയ
ജാസ്മിൻ ടീച്ചർ ആരും ആർക്കും പകരമാവില്ലെന്ന
തിരിച്ചറിവായിരുന്നു.

പിന്നെ ക്ലറിൻ ടീച്ചർ .
കണക്ക് ഗൗരവമുള്ള വിഷയമായിരുന്നെങ്കിലും അത്
ലളിതമായി കൈകാര്യം ചെയ്യാമെന്ന് തിരിച്ചറിഞ്ഞത്
ടീചറിന്റെ ക്ലാസിൽ ഇരുന്നപ്പോഴാണ്.

ഹിന്ദി പഠിപ്പിക്കുന്ന മേഴ്സി ടീച്ചറിന് അമ്മയുടെ
പരിവേഷമായിരുന്നു.

കവിതടീച്ചറമായി കൂട്ടായത് ടീച്ചറിന് ലൈബ്രറി ചാർജ്ജ്
കിട്ടിയപ്പോഴാണ്. വെള്ളപ്പോക്കം അതിനൊരു
നിമിത്തമായി.

കവിതടീച്ചറിന്റെ മലയാളം ക്ലാസുകൾ കേട്ടിരിക്കാൻ നല്ല
രസമായിരുന്നു. നാടൻ കഥകളിലൂടെ നാടൻ
പാട്ടുകളിലൂടെ ഞങ്ങൾ സഞ്ചരിച്ചത് ടീച്ചറിന്റെ
ക്ലാസുകളിലായിരുന്നു.ഇമ്പോസിഷൻ എഴുതാൻ
പൊതുവെ മടിയായതുകൊണ്ട് ക്ലാസ് ടീച്ചറും മലയാളം
ടീച്ചറുമായ സിൽജടീച്ചറെ പൊതുവെ
പേടിയായിരുന്നു.കൂടുതൽ അടുത്തപ്പോഴാണ് അത്
തെറ്റിദ്ധാരണയാണെന്ന് മനസിലായത്.

അതിനുശേഷമാണ് ടീച്ചറുമായി അഭേദ്യമായ
ആത്മബന്ധം ഞങ്ങൾക്കുണ്ടായത് .
പത്താംക്ലാസിൽ ഷാൻ സർ ആയിരുന്നു ക്ലാസ്
ടീച്ചർ.രസതന്ത്രം എന്ന വിഷയവുമായി കൂടുതൽ
അടുത്തത് സാറിലൂടെയായിരുന്നു. അകന്നിരുന്നവരെല്ലാം
സ്നേഹക്കൂടാരങ്ങളായിരുന്നു എന്നറിഞ്ഞത് വളരെ
വൈകിയാണ്. കണക്കിന്റെ പുതിയ രസതന്ത്രം ഞങ്ങൾ
മനസിലാക്കിയത്
ബോണിസാറിലൂടെയായിരുന്നു.അകലവും ദേഷ്യവും ചേർ
ന്നാൽ സ്നേഹമാകുമെന്ന പുതിയ സമവാക്യം
ബോണിസാർ പറയാതെ പറഞ്ഞു.
ലോറൻസ് സാർ ഒരു പ്രത്യേകതരം
ബുദ്ധിജീവിയായിരുന്നു.ഏത് മേഖലയിലാണ്
അദ്ദേഹത്തിന് അറിവില്ലാത്തത് !
അറിഞ്ഞും അറിയാതെയും ഞങ്ങളെ വളർത്തിയ
വിദ്യാലയം ഈ വർഷം അന്യമാകുന്നു.
2019-2020 ലെ സ്കൂൾ ലീഡറാണ് ഞാൻ.
എച്ച് .ഐ.ബി എച്ച് എസ് എനിക്ക് എല്ലാമായിരുന്നു.
ബാല്യത്തിന്റെ കൗതുകങ്ങളും , സൗഹൃദവും
പ്രചോദനവുമായിരുന്നു.
പടിയിറങ്ങുമ്പോൾ പകരം വെയ്ക്കാനാവാത്ത
കരുതലുകൾ ബാക്കിയാവുന്നു.
എന്നെ പഠിപ്പിച്ച് സ്നേഹിച്ച എല്ലാ അദ്ധ്യാപകർക്കും
നന്ദിനേരുന്നു.

സെബാസ്റ്റിൻ ജോയൽ വി.ജെ

പത്താംക്ലാസ് വിദ്യാർത്ഥി. സ്കൂൾ ലീഡർ. ജോയൽ
തന്റെ വിദ്യാലയജീവിതം വരച്ചുകാട്ടുകയാണ്
വാക്കുകളിലുള്ള ഈ ആത്മഗതം

# ശാസ്ത്രസമീക്ഷ

സ്റ്റെഫിൻ ജോൺസൻ

പത്താംതരം

## *Pressure to Perform*




***Physicists hope to achieve their dream of creating a material that conducts electricity with no resistance at room temperature. Such super conducting materials work only at the pressure of millions of kilo pascals.***

***Following the success of compounds known as lanthanum super hybrids which in 2018 broke all temperature records for superconductivity, resistances . The researches hope to synthesize yttrium super-hybrids that could be superconducting at temperature of up to 53 degree C***

ആബി ജോൺസൻ

പത്താംതരം

## *വ്യോംമിത്ര*

***ഇന്ത്യയുടെ ബഹിരാകാശസ്വപ്നം സാക്ഷാത്കരിക്കാൻ വരുന്നു വ്യോംമിത്ര!***

***2021 ഡിസംബറിൽ ബഹിരാകാശത്തേയ്ക്ക് മനുഷ്യനെ അയക്കാനുള്ള ഐ എസ് ആർ ഒ യുടെ പരീക്ഷണങ്ങളുടെ ഭാഗമാണ് വ്യോംമിത്ര റോബോട്ട്.***

***വ്യോംമിത്ര എന്ന് പേരിട്ട ഹ്യൂമനോയിഡ് വിഭാഗത്തിലെ റോബോട്ടാണിത്***

***ബഹിരാകാശയാത്രികർക്ക് നേരിടുന്ന വെല്ലുവിളികൾ എന്താണെന്ന് മനസിലാക്കാൻ മൃഗങ്ങളെ ഉപയോഗിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി മനുഷ്യശരീരത്തിലുണ്ടാവുന്ന മാറ്റങ്ങൾ പഠിക്കാൻ വേണ്ടിയാണ് റോബോട്ടിനെ അയക്കുന്നത്***

***പ്രോട്ടോടൈപ് ഹ്യൂമനോയിഡ് ആയ വ്യോംമിത്രയാണ് ഗഗൻയാനിൽ ഐ.എസ് ആർ ഒ ഉപയോഗിച്ചത്. ബഹിരാകാശസഞ്ചാരികളോട് സംസാരിക്കുന്നതിനും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകാനും സാധിക്കുന്ന റോബോട്ടാണ് വ്യോംമിത്ര. ഏകദേശം പതിനായിരം കോടി ചെലവ് വരും ഇതിന്***

***ഐ. എസ് .ആർ .ഒ യുടെ ഏറ്റവും വലിയ റോക്കറ്റായ മാർക്ക് മൂന്ന് ആയിരിക്കും ശ്രീ ഹരിക്കോട്ടയിൽനിന്നും ബഹിരാകാശയാത്രികരെ ശൂന്യാകാശത്ത് എത്തിക്കുന്നത്.***

***വ്യോമാനട്സ് എന്നാണ് ഇന്ത്യയുടെ ബഹിരാകാശയാത്രികരെ വിളിക്കുന്നത്. 2008 ലാണ് മനുഷ്യന് ബഹിരാകാശത്ത് അയക്കാനുള്ള ശ്രമം ഐ. എസ് ആർ ഒ നടത്തിയത്***



*ഹരികൃഷ്ണ*

*പത്താംതരം*

# *മേഘങ്ങളുടെ അഗ്നിവർഷം*



***2019 സെപ്തംബറിലാണ് ആസ്ട്രേലിയയിൽ വ്യാപകമായ കാട്ടുതീ പടർന്നത്. പതിനഞ്ച് ദശലക്ഷം വനം അഗ്നിക്കിരയായി.***

***ആസ്ട്രേലിയയിൽ ഡിസംബർമാസം ചൂട് കൂടുതലുള്ള കാലമാണ്. കഴിഞ്ഞ നവംബറിൽ ന്യൂ സൗത്ത് വെയിൽ സംസ്ഥാനത്ത് കാട്ടുതീ റിപ്പോർട്ട് ചെയ്തതാണ്. ഇപ്പോൾ അത് കൂടുതൽ സങ്കീർണ്ണമായി. നാസ ക്ലൗഡ് ഡ്രാഗൺ എന്ന് വിളിക്കുന്ന പ്രതിഭാസത്തിലേയ്ക്കാണ് ഇപ്പോൾ എത്തുന്നത്. ഡ്രാഗണിന്റെ സ്വഭാവം തന്നെ തീ തുപ്പുക എന്നതാണ്. പൈറോ ക്യൂമുലോ നിംബസ് എന്നറിയപ്പെടുന്ന മേഘപടലമാണ് ഓസ്ട്രേലിയയ്ക്ക് മുകളിൽ തീ തുപ്പുന്നത്. ഒരു പ്രദേശത്തെ കാലാവസ്ഥയെ കുറേ കാലത്തേയ്ക്ക് നിയന്ത്രിക്കാൻ***




***കഴിവുള്ളവയാണ് ഈ മേഘങ്ങൾ. കനത്ത മഴയുണ്ടാകും. വലിയ തോതിൽ ഇടിമിന്നലുണ്ടാകും. ഒപ്പം കൊടുംകാറ്റും. ഇടിമിന്നലിനൊപ്പം തീയുണ്ടാകാം. അത് കാട്ടുതീയായി പടരാം.***

*അജ്നൽ ജസ്റ്റിൻ*

*പത്താംതരം*

# *HUMICE*

***The dream of going replacement organs for humans in other animals could get closer as researches make strides in the ethically fought techniques.***

***Stem cells scientist Hiromitsu Nakauchi at the university of Tokio plans to grow tissues made of human cells in mouse and rats.He will then transplant their hybrids into Surrogate animals .This step was not allowed until a new law in japan come into effect last march. He applied to do similar experiment using pigs. Ultimate goal of such research is to produce animals with organs that can eventually be transplanted in to people.***




Holy Infants' Boys' High School
Varapuzha
H.I.B.H.S
VARAPUZHA
Holy Infants' Boys' High School
is an aided school run by the
Carmalite fathers of Manjummel
Province , situated on the bank
of the river Periyar near the industrial
capital of the state. The school provides
quality education to the children in and
around the island ,Varapuzha.
Published by smt Smitha Lonan,
teacher in charge of Little Kite
Unit on behalf of HIBHS Varapuzha